# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നമ്പർ. 591      10.07.2012 ൽ മറുപടിക്ക്

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരാവകാശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ :<br>ശ്രീ. ഇ.പി. ജയരാജൻ :<br>ശ്രീ. ബി. സത്യൻ : | ശ്രീ. മഞ്ഞളാംകുഴി അലി<br>(ബഹു. കോർപ്പറേഷനുകളും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്ന അധികാരാവകാശങ്ങളിൽ ഏതെങ്കിലും തിരികെ എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഇല്ല. |
| (ബി) സ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ ഏതെങ്കിലും സ്ഥാപനം എടുത്ത ഏതെങ്കിലും തീരുമാനം ഈ സർക്കാരിന്റെ കാലത്ത് സ്റ്റേ ചെയ്യുകയോ, റദ്ദുചെയ്യുകയോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കുമോ;<br>(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളുമായോ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായോ ബന്ധപ്പെട്ട ഏതെല്ലാം കേസുകളിലാണ് ഇപ്രകാരം സർക്കാർ ഇടപെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) & (സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എടുത്ത തീരുമാനങ്ങളിൽ ഈ സർക്കാരിന്റെ കാലത്ത് സ്റ്റേ ചെയ്യുകയോ റദ്ദുചെയ്യുകയോ ചെയ്ത തീരുമാനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### ഗ്രാമപഞ്ചായത്തുകൾ

കേരളാ പഞ്ചായത്ത് രാജ് നിയമം 191(4) വകുപ്പ്പ്രകാരം വിളപ്പിൽ ഗ്രാമപഞ്ചായത്തിന്റെ വിളപ്പിൽശാല ചവർ സംസ്കരണ പ്ലാന്റ് അടച്ചുപൂട്ടുന്നതു സംബന്ധിച്ച 19.12.2011 ലെ XIII (1)- ാം നമ്പർ തീരുമാനവും, കടയ്ക്കാവൂർ ഗ്രാമപഞ്ചായത്തിന്റെ 25. 04. 2012 ലെ യോഗതീരുമാനങ്ങളും സ്റ്റേ ചെയ്തിട്ടുണ്ട്. ആയവ 191(2) വകുപ്പിലെ നടപടിക്രമങ്ങളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തിട്ടുണ്ട്.

മൂന്നാർ ദേവികുളം പഞ്ചായത്തുകളുടെ തീരുമാനങ്ങൾ സ്റ്റേ ചെയ്യുകയും കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 (2) പ്രകാരം ഓംബുഡ്സ്മാന് റഫർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഓച്ചിറ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ റി. സ. 278/4ൽപ്പെട്ട 12 സെന്റ് കളം പുറമ്പോക്ക്, ചങ്ങൻകുളങ്ങര തെക്ക് SNDP ശാഖയ്ക്ക് വിട്ടുനൽകിക്കൊണ്ടുള്ള ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 28. 06. 2011 ലെ നാലാം നമ്പർ തീരുമാനം റദ്ദ് ചെയ്തിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ ചേലമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 29. 08. 2011 ലെ 6 – ാം നമ്പർ തീരുമാനം സ്റ്റേ ചെയ്യുകയുണ്ടായി.

കോട്ടയം ജില്ലയിലെ കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 27. 03. 2010 ലെ II(I) – ാം നമ്പർ തീരുമാനം സ്റ്റേ ചെയ്തുകൊണ്ട് കേരള പഞ്ചായത്ത് രാജ് ആക്ട് 191 (2) വകുപ്പ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തിട്ടുണ്ട്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി എടുത്ത വയനാട് മുപ്പൈനാട് ഗ്രാമപഞ്ചായത്തിന്റെ 12.05.2011 ലെ 41 / 11 −ാം നമ്പർ തീരുമാനവും , 17. 05. 2011 ലെ 43/11 − ാം നമ്പർ തീരുമാനവും , മലപ്പുറം ജില്ലയിലെ വളാഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 27. 08. 2011 ലെ 8 − ാം നമ്പർ തീരുമാനവും 20. 09. 2011 ലെ 3 − ാം നമ്പർ തീരുമാനവും എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 25. 11. 2011 ലെ 152 −ാം നമ്പർ തീരുമാനവും 27. 12. 2011 ലെ 184 − ാം നമ്പർ തീരുമാനവും പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(4) പ്രകാരം സർക്കാർ താൽക്കാലികമായി റദ്ദ് ചെയ്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ ട്രിബ്യൂണലിന് റഫർ ചെയ്തിട്ടുണ്ട്.

## നഗരസഭകൾ

കേരളാ മുനിസിപ്പാലിറ്റി നിയമം 57(4) വകുപ്പ് പ്രകാരം 05.08.2011 ൽ നെടുമങ്ങാട് നഗരസഭയുടെ 08.07.2011 ലെ കൗൺസിൽ യോഗത്തിലെ (4) - ാം നമ്പർ തീരുമാനം സ്റ്റേ ചെയ്ത് 17.08.2011 ൽ ഓംബുഡ്സ്മാന് റഫർ ചെയ്തിട്ടുണ്ട്. പരവൂർ നഗരസഭയുടെ 22.11.2011 ലെ 14 മുതൽ 43 വരെയുള്ള അജണ്ടാ തീരുമാനങ്ങൾ നിയമവിരുദ്ധമാണെന്ന് കണ്ട് സ്റ്റേ ചെയ്ത് ഓംബുഡ്സ്മാന് റഫർ ചെയ്തുവെങ്കിലും 57(2) പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് ഓംബുഡ്സ്മാൻ അഭിപ്രായം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നഗരസഭയുടെ വികസനോന്മുഖമായ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള തീരുമാനങ്ങളാണ് സ്റ്റേ ചെയ്തിരുന്നത് എന്ന് ബോദ്ധ്യപ്പെട്ടതിനാൽ പ്രസ്തുത സ്റ്റേ പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

## കോർപ്പറേഷൻ

കോഴിക്കോട് കോർപ്പറേഷനിലെ രാജാജി റോഡിലെ ഓട്ടോബേ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കാനുള്ള നഗരസഭാ കൗൺസിലിന്റെ 17.08.2009 ലെ 51(E3/50544/2005) നമ്പർ തീരുമാനം സർക്കാർ സ്റ്റേ ചെയ്തിട്ടുണ്ട്.